No. ICDS /A4/5231/2019

വനിത ശിശു വികസന ഡയറക്ടറേറ്റ്
പൂജപ്പുര,തിരുവനന്തപുരം
തീയതി. 28.04.2021

വനിത ശിശു വികസന ഡയറക്ടർ

എല്ലാ ജില്ല വനിത ശിശു വികസന ആഫീസർമാർക്കും
എല്ലാ പ്രോഗ്രാം ആഫീസർമാർക്കും
എല്ലാ ശിശു വികസന പദ്ധതി ആഫീസർമാർക്കും

സർ

വിഷയം :- വനിത ശിശു വികസന വകുപ്പ്- DMC-കോവിഡ് വാക്സിനേഷൻ- ഓൺലൈൻ ബോധവൽക്കരണ പരിപാടി –സംബ:-

കോവിഡ്-19 മഹാമാരിയുടെ അതിരൂക്ഷവ്യാപനം പ്രതിരോധിക്കുന്നതിനു വേണ്ടി എല്ലാ ജന വിഭാഗങ്ങൾക്കും വാക്സിനേഷൻ നടത്തേണ്ടതിന്റെ അടിയന്തിര സാഹചര്യമാണ് നിലവിലുള്ളത്. വാക്സിനേഷൻ ഫലപ്രദമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി വനിത ശിശു വികസന വകുപ്പും യൂണിസെഫും സംയുക്തമായി വകുപ്പിലെ എല്ലാ അങ്കണവാടി പ്രവർത്തകർക്കും 29.04.2021 ന് രാവിലെ 9.45 മുതൽ "കോവിഡ് വാക്സിനേഷൻ -അറിയേണ്ടതെല്ലാം" എന്ന വിഷയം സംബന്ധിച്ച് ഒരു ബോധവൽക്കരണ പരിപാടി ഓൺലൈനായി നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

Zoom പ്ലാറ്റ് ഫോമിലൂടെയും വകുപ്പിന്റെ യു-ട്യൂബ് ചാനലിലൂടെയുമാണ് പരിപാടി നടത്തുന്നത്. ഇതു സംബന്ധിച്ച് അറിയിപ്പ്എല്ലാ അങ്കണവാടി പ്രവർത്തകർക്കും നൽകേണ്ടതാണ്. യു-ട്യൂബ് ലിങ്ക് എല്ലാ അങ്കണവാടി പ്രവർത്തകർക്കും നൽകി പരിപാടിയിൽ പങ്കെടുക്കുന്നു എന്ന് ഉറപ്പാക്കേണ്ടതാണ് . Zoom ൽ എല്ലാ പ്രോഗ്രാം ആഫീസർമാരും എല്ലാ ശിശു വികസന പദ്ധതി ആഫീസർമാരും പങ്കെടുക്കേണ്ടതാണ്.

യു-ട്യൂബിൽ തത്സമയ സംപ്രേക്ഷണം ഉണ്ടായിരിക്കുന്നതാണ്. യു-ട്യൂബ് ലിങ്ക് അയച്ചു തരുന്നതാണ്.

വിശ്വസ്തതയോടെ

വനിത ശിശു വികസന ഡയറക്ടർ